"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ് - അഞ്ചരകണ്ടി ഗ്രാമപഞ്ചായത്തിൽ എട്ടാം വാർഡിൽ താമസിക്കുന്ന ശ്രീമതി, സുനിത കോന്തനും, രണ്ടാം വാർഡിൽ താമസിക്കുന്ന ശ്രീ. പ്രജീഷിനും ഗ്രാമപഞ്ചായത്ത് വിഹിതം ഉപയോഗിച്ച് വീട് നിർമ്മിക്കാൻ അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു

---

**തദ്ദേശ സ്വയംഭരണ(ഡിഇ)വകുപ്പ്**

സ.ഉ.(സാധാ) നം.1621/2025/LSGD തീയതി,തിരുവനന്തപുരം, 28-06-2025

---

പരാമർശം:-

1. അഞ്ചരകണ്ടി ഗ്രാമപഞ്ചായത്ത് സിഎംഒ പോർട്ടൽ വഴി സമർപ്പിച്ച് ജി 3250201457 നമ്പർ അപേക്ഷ
2. ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ ലൈഫ് മിഷൻ 12/03/2025 സി.എം.ഒ പോർട്ടൽ മുഖേന സമർപ്പിച്ച റിപ്പോർട്ട്.
3. വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോഓർഡി നേഷൻ കമ്മിറ്റിയുടെ 24/04/2025 ലെ യോഗത്തിന്റെ ഖണ്ഡിക 4.18 no.തീരുമാനം.

**ഉത്തരവ്**

കണ്ണൂർ ജില്ലയിലെ അഞ്ചരകണ്ടി ഗ്രാമപഞ്ചായത്തിൽ എട്ടാം വാർഡിൽ താമസിക്കുന്ന ശ്രീമതി സുനിത കോന്തനും , രണ്ടാം വാർഡിൽ താമസിക്കുന്ന ശ്രീ പ്രജീഷും ലൈഫ് 2020 ഗുണഭോക്തൃ പട്ടികയിൽ ഉൾപ്പെട്ടിട്ടുണ്ട്. ശ്രീമതി സുനിത കോന്തൻ ഉൾപ്പെട്ട റേഷൻ കാർഡിലുള്ള കുടുംബത്തിന് ആകെ 27 സെന്റ് സ്ഥലമുള്ളതിനാലും, ശ്രീ പ്രജീഷിന് സ്വന്തമായി 18 സെന്റ് ഭൂമിയും, ടിയാൻ ഉൾപ്പെട്ട റേഷൻ കാർഡിൽ ഉൾപ്പെട്ട മറ്റൊരു പഞ്ചായത്തിൽ താമസിക്കുന്ന ജേഷ്ഠനുൾപ്പെടെ കുടുംബത്തിന് ആകെ 36 സെന്റ് ഭൂമിയുള്ളതിനാലും ടിയാളുകൾക്ക് ലൈഫ് പദ്ധതിയുടെ മാനദണ്ഡങ്ങൾ പ്രകാരം ആനുകൂല്യം നൽകാൻ സാധിക്കുകയില്ല.

2. കുടുംബത്തിൽ 3 മാനസിക രോഗികൾ ഉള്ള ശ്രീമതി സുനിത കോന്തനും, സ്ട്രോക്ക് വന്ന് ശാരീരിക ബുദ്ധിമുട്ട് അനുഭവിക്കുന്ന പ്രജീഷിനും മാനുഷിക പരിഗണനയിൽ ആനുകൂല്യം അനുവദിക്കണമെന്ന് ആവശ്യപ്പെട്ട് പഞ്ചായത്ത് ഭരണസമിതി തീരുമാനം സഹിതം കോർഡിനേഷൻ കമ്മറ്റി മുമ്പാകെയും, പരാമർശം 1 പ്രകാരം ബഹു മുഖ്യമന്ത്രി മുമ്പാകെയും

അപേക്ഷ സമർപ്പിക്കുകയുണ്ടായി.

2. വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോഓർഡിനേഷൻ കമ്മിറ്റിയുടെ 24/04/2025 ലെ യോഗം ഈ വിഷയം പരിശോധിച്ചു. ലൈഫ് ലിസ്റ്റിൽ അർഹതയുള്ള മുഴുവൻ കുടുംബങ്ങൾക്കും ഇതിനകം വീട് നിർമ്മിച്ചു നൽകിയിട്ടുണ്ടെങ്കിൽ ഗ്രാമപഞ്ചായത്ത് വിഹിതം ഉപയോഗിച്ച് കണ്ണൂർ ജില്ലയിലെ അഞ്ചരകണ്ടി ഗ്രാമപഞ്ചായത്തിലെ എട്ടാം വാർഡിൽ താമസിക്കുന്ന ശ്രീമതി സുനിത കോന്തനും രണ്ടാം വാർഡിൽ താമസിക്കുന്ന ശ്രീ പ്രജീഷിനും വീട് നിർമ്മിച്ചു നൽകുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ലീന എൻ പി
അഡിഷണൽ സെക്രട്ടറി

പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ്, തിരുവനന്തപുരം

ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ, ലൈഫ് മിഷൻ, തിരുവനന്തപുരം

സെക്രട്ടറി അഞ്ചരകണ്ടി ഗ്രാമപഞ്ചായത്ത്. കണ്ണൂർ

ബന്ധപ്പെട്ട ഗുണഭോക്താക്കൾക്ക്( സെക്രട്ടറി അഞ്ചരകണ്ടി ഗ്രാമപഞ്ചായത്ത് മുഖേന)

ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം

സ്റ്റേറ്റ് പെർഫോമൻസ്ഓഡിറ്റ് ഓഫീസർ, തിരുവനന്തപുരം

അക്കൗണ്ടന്റ് ജനറൽ (എ& ഇ)/ഓഡിറ്റ്), തിരുവനന്തപുരം

തദ്ദേശ സ്വയംഭരണ(ഡി.എ) വകുപ്പ്.

എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം

ഇൻഫർമേഷൻ ഓഫീസർ, വെബ്&ന്യൂ മീഡിയ, ഐ&പി.ആർ.ഡി, തിരുവനന്തപുരം

കരുതൽ ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം
Signed by
Sheeba. S. C
Date: 28-06-2025 15:37:09
സെക്ഷൻ ഓഫീസർ